**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1248** **07-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളിലെ റണ്ണിങ് കോൺട്രാക്ട് പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളിലെ റണ്ണിങ് കോൺട്രാക്ട് പരിശോധിക്കുവാൻ ഓരോ ജില്ലകളിലും നിയോഗിക്കപ്പെട്ടിട്ടുള്ള സൂപ്രണ്ടിംഗ് എൻജിനീയറുടെ നേതൃത്വത്തിലുള്ള സംഘം നടത്തിയ പരിശോധനകൾ സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; | (എ) | **സൗത്ത് സർക്കിൾ**<br><br>17/10/2022, 25/10/2022, 26/10/2022, 28/10/2022, 01/11/2022, 02/11/2022, 03/11/2022, 04/11/2022, 05/11/2022, എന്നീ തീയതികളിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ ആദ്യ പരിശോധന നടത്തുകയുണ്ടായി. പ്രവൃത്തികൾ എല്ലാം പുരോഗതിയിൽ ആയിരുന്നു. പുരോഗതി കുറവുള്ള ജില്ലകളിൽ വേഗത കൂട്ടാനുള്ള നടപടികൾ സ്വീകരിച്ചു.<br><br>**സെൻട്രൽ സർക്കിൾ**<br><br>17.10.2022 മുതൽ ഒരു മാസത്തിനുള്ളിലായി എറണാകുളം, തൃശ്ശൂർ, ഇടുക്കി ജില്ലകളിലെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പരിശോധന നടത്തുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു. പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകി.<br><br>**നോർത്ത് സർക്കിൾ**<br><br>17/10/2022, 18/10/2022 തീയതികളിൽ പാലക്കാട് ജില്ലയിലും 19/10/2022, 20/10/2022 കോഴിക്കോട് ജില്ലയിലും 21/10/2022, 22/10/2022 കാസർഗോഡ് ജില്ലയിലും 25/10/2022, 26/10/2022 കണ്ണൂർ ജില്ലയിലും 28/10/2022, 29/10/2022 മലപ്പുറം ജില്ലയിലും 03/11/2022, 04/11/2022 വയനാട് ജില്ലയിലും ആദ്യ പരിശോധന നടത്തുകയും പ്രവൃത്തികൾ എല്ലാംപുരോഗതിയിലും ആയിരുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തിയാ ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടർന്നുള്ള മാസങ്ങളിലും റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ചുള്ള വിശദവിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത പരിശോധനകളിൽ ചില ജില്ലകളിൽ പുരോഗതിയിൽ ദൃശ്യമായ വേഗത കുറവായതൊഴിച്ചാൽ നിലവിൽ മറ്റ് ക്രമക്കേടുകളൊന്നും കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ